# 10

# “നിന്റെ മകൻ ജീവിച്ചിരിക്കുന്നു”

## (4:46- 54)

1977 ലെ മഞ്ഞുള്ള ആഴ്ച്ചാവസാനം, ഹാർഡിങ്ങ് യുണിവേഴ്സിറ്റിയിലെ എന്റെ സീനിയർ വർഷമായിരുന്നു, പല കാറുകളിലായി വിദ്യാർത്ഥികൾ അർക്കൻസാസിലെ സിയേഴ്സിയിൽ നിന്നു അലബാമയിലെ ഫ്ളോറെൻസിലേക്കു ആത്മാക്കളെ - നേടുന്ന ഒരു വർക്ക്ഷോപ്പിൽ പങ്കെടുക്കുവാൻ പോയി. ആ ആഴ്ച്ചവസാനം സംഭവിച്ചതായി കേട്ടതും അനുഭവിച്ചതുമായ കാര്യങ്ങളിൽ പ്രായം ചെന്ന ഒരു മിഷനറിയും ഞങ്ങളുടെ ഹീറോയുമായ ഓട്ടിസ് ഗെയിറ്റ്വുഡിന്റെ ശക്തമായ പ്രസംഗം ആയിരുന്നു ഏറ്റവും ശക്തമായിരുന്നത്. മുപ്പതു വർഷം മിഷ്നറിരംഗത്തായിരുന്ന അദ്ദേഹത്തോടു പ്രസംഗിപ്പാൻ ആവശ്യപ്പെട്ടതു, പ്രയാസങ്ങളും പരീക്ഷണങ്ങളും നേരിടുമ്പോൾ എങ്ങനെ നിലനില്ക്കും എന്ന വിഷയമായിരുന്നു. ആ രാത്രി അദ്ദേഹം ഏകാന്തത, സഹോദരങ്ങളുടെ എതിർപ്പ്, ഗവൺമെന്റിന്റെ ഉപദ്രവങ്ങൾ, പ്രിയപ്പെട്ടവരുടെയും സഹപ്രവർത്തകരുടെയും വേർപാടുകൾ, മറ്റനേകം പരീക്ഷണങ്ങൾ സ്നേഹസുവിശേഷം അറിയിക്കുന്നതിനിടയിൽ അനുഭവിച്ചതായി അദ്ദേഹം പറഞ്ഞു.

തന്റെ യൂറോപ്പിലെ ആയുഷ്ക്കാല പ്രവർത്തനങ്ങൾ അയവിറക്കി ബ്രദർ ഗെയിറ്റ്വുഡ് സംസാരിച്ചതു കേട്ട ഞങ്ങൾ അതിൽ ആകൃഷ്ടരായി, എന്നാൽ ഞാൻ ഏറ്റവും അധികം ഓർമ്മിക്കുന്നത് അദ്ദേഹം ഉപയോഗിച്ച വേദഭാഗമാണ്: യോഹന്നാൻ 4:46–54. ഇന്റർനാഷണൽ ബൈബിൾ കോളേജിന്റെ ഡയറക്ടറും ആ ലെക്ചർഷിപ്പിന്റെ അവതാരകനുമായ ചാൾസ് കോയിൽ, ബ്രദർ ഗെയിറ്റ്വുഡിനെ പ്രസംഗിക്കുവാൻ ക്ഷണിക്കുമ്പോൾ ആ വേദഭാഗം അദ്ദേഹത്തിന്റെ പ്രസംഗത്തിനു അനുയോജ്യമായിരിക്കും എന്നു പറഞ്ഞു. “രാത്രിയിൽ നടക്കുക” എന്ന വിഷയം, എന്റെ ജീവിതത്തിലെ വിഷമഘട്ടങ്ങളിൽ ഞാൻ മാതൃകയാക്കിയിട്ടുണ്ട്. എന്റെ വ്യക്തിപരമായ ബൈബിൾ പഠനങ്ങളിൽ ആ വേദഭാഗം പങ്കിടുകയും പ്രയാസഘട്ടങ്ങളിലും ശവക്കോട്ടകളിലും ഞാൻ അതു വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. അതു മനോഹരവും, ശക്ത

വും, വെല്ലുവിളി ഉയർത്തുന്നതും, ആശ്വസിപ്പിക്കുന്നതുമാണ്; ഈ പാഠത്തിന്റെ അടിസ്ഥാനവും അതാണ്.

### നിരാശനായ പിതാവ് (4:46, 47)

യേശു ശമര്യക്കാരുമായി സംഭാഷണം നടത്തിയശേഷം, അവൻ ഗലീലിയിലേക്കു മടങ്ങി വന്നു, അവിടെ അവന്റെ ശ്രുതി വർദ്ധിച്ചു. അവൻ ആദ്യമായി അടയാളം ചെയ്ത, കാനാവിലേക്കു മടങ്ങി വന്നപ്പോൾ, ഒരു രാജഭൃത്യൻ തന്റെ മകന്റെ പ്രാണനു വേണ്ടി അപേക്ഷിക്കുവാൻ വന്നതു കണ്ടു. ഈ രണ്ടു വ്യക്തികൾ തമ്മിലുള്ള കൈമാറ്റം നമ്മുടെ വിശ്വാസയാത്രയിൽ മറ്റൊരു മാതൃക നമുക്കു തരുന്നു.

ആ രാജഭൃത്യന്റെ പദവിയെയും രാഷ്ട്രീയത്തെയും കുറിച്ചു കുറച്ചു മാത്രമേ നമുക്ക് അറിയാവു. യോഹന്നാൻ സ്നാപകന്റെ തല ഛേദിക്കുവാൻ കല്പിച്ച ദുഷ്ടനായ ഹെരോദാവു അന്തിപ്പാവു എന്നറിയപ്പെട്ട ഹെരോദാവു ടെട്രാർക്കിന്റെ ഭരണതലത്തിൽ അവൻ ഉൾപ്പെട്ടിരുന്നോ എന്നു നമുക്ക് അറിയില്ല. അവനുണ്ടായിരുന്ന പ്രത്യേക ബന്ധം നിമിത്തം അവനു പ്രാധാന്യമുള്ള സ്വാധീനം ചെലുത്തുവാനും കഴിഞ്ഞേക്കാം.

രാജഭൃത്യൻ യേശുവിനെ കാണുവാൻ വന്നതു, കാനാവിൽ ആയിരുന്നു, അതു ബാലൻ രോഗിയായി കിടന്ന കഫർന്നഹൂമിൽ നിന്നു ഏതാണ്ടു ഇരുപതു മൈൽ അകലെയായിരുന്നു.[1] യേശു കാനാവിൽ വന്നിട്ടുണ്ടെന്നു കേട്ടതുകൊണ്ട് "മരിക്കത്തക്ക" രോഗിയായ തന്റെ മകനെ സൗഖ്യമാക്കുവാൻ യേശുവിനെ വിളിച്ചുകൊണ്ടുപോകുവാനാണ്, ആ മനുഷ്യൻ വന്നിരിക്കുന്നത് (4:47). ആ മനുഷ്യനെക്കുറിച്ചു അധികമൊന്നും എനിക്കറിയില്ല, പക്ഷെ ഒന്നെനിക്കറിയാം: മകനു കലശലായ രോഗം വരുമ്പോൾ, അപ്പനു പിന്നെ മറ്റൊന്നും പ്രശ്നമല്ല എന്നു തോന്നും!

പല വർഷങ്ങൾക്കു മുൻപു, രക്തത്തിൽ അണുബാധ കണ്ടെത്തി, മാറാതെ തുടർന്നു. കുഴപ്പമെന്തായാലും ആവർത്തിച്ചു ആന്റി ബയോട്ടിക്സ് കൊടുത്തിട്ടും ഫലമുണ്ടായില്ല, അതുകൊണ്ട് കുട്ടികളുടെ ഡോക്ടർ ഒരു ദിവസം ഞങ്ങളെ ആശുപത്രിയിലേക്കു അയച്ചു, അവിടെ രാവിലെ മുതൽ പരിശോധനകളായിരുന്നു. ആരും ഞങ്ങളോടു ഒന്നും പറഞ്ഞില്ല, എന്നാൽ അവർ പരിശോധിച്ചതു കുട്ടിക്കു ലൂക്കോമിയ ഉണ്ടോ എന്നാണെന്നു ഞങ്ങൾക്കു മനസ്സിലായി. എന്റെ ജീവിതത്തിലെ ഏറ്റവും നീണ്ട ദിവസം ആയിരുന്നു അത്. മുൻപു എന്തെല്ലാം സംഭവിച്ചുവോ, അതെല്ലാം ഒടുവിൽ നിസ്സാരമായിത്തീർന്നു. കാര്യമാക്കിയതെല്ലാം എന്റെ മകളുടെ ആരോഗ്യത്തെ സംബന്ധിച്ചായിരുന്നു. ടെസ്റ്റുകളുടെ ഫലം വന്നപ്പോൾ, അവൾക്കു കുഴപ്പമില്ല എന്നറിഞ്ഞപ്പോൾ ദൈവത്തിനു നന്ദി പ്രകടിപ്പിച്ചു, എന്നാൽ അന്നു സംഭവിച്ചതു ഒരിക്കലും മറക്കാത്ത "ലോകം പൊയ്പോയി" എന്ന ഭയം അവളുടെ പ്രാണനെക്കുറിച്ചുണ്ടായി.

ഇവിടെ പറയുന്ന അപ്പൻ ഹോരോദാവിനു വേണ്ടി ജോലി ചെയ്യുന്നവനായിരുന്നു, അതുകൊണ്ടു അവനെ രാഷ്ട്രീയമായി ഉപയോഗി

ച്ചിരിക്കാം, മർക്കൊസിന്റെ സുവിശേഷത്തിൽ, താല്പര്യം ജനിപ്പിക്കുന്ന ഒരു ഒത്തുവാക്യത്തിൽ ഹെരോദ്യർ യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തിയതായി കാണാം. വരണ്ട കയ്യുള്ള ഒരു മനുഷ്യനെ യേശു സൗഖ്യമാക്കിയശേഷം നാം വായിക്കുന്നു, **"ഉടനെ പരീശന്മാർ പുറപ്പെട്ടു, അവനെ നശിപ്പിക്കേണ്ടതിന്നു** *ഹെരോദ്യരുമായി* **ആലോചന കഴിച്ചു"** (മർക്കൊസ് 3:6; എംഫസിസ് മൈൻ). ഈ സംഭവത്തിൽ പറയുന്ന അപ്പൻ ഒരു സമയത്തു യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തിയിരിക്കാൻ സാധ്യതയുണ്ട്. എങ്ങനെയായാലും അതു രാഷ്ട്രീയം; കുട്ടി മരിക്കാറാകുമ്പോൾ, രാഷ്ട്രീയം പ്രശ്നമാക്കാറില്ല!

അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റെയ്ഗണെ വെടിവെച്ചപ്പോൾ, 1981–ൽ, ഇതേ രീതിയിലുള്ള ഒരു സാഹചര്യം ഉണ്ടായി. അദ്ദേഹത്തെ പെട്ടെന്നു ഓപ്പറേഷനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി, വീൽചെയറിൽ അദ്ദേഹത്തെ തിയേറ്ററിലേക്കു കൊണ്ടുപോയി. ഡോക്ടറെ കണ്ടപ്പോൾ, തന്റെ ഓക്സിജൻ മാസ്ക്ക് മാറ്റി ഐതിഹാസികമായ തമാശയോടെ ചോദിച്ചു, "നിങ്ങൾ ഒരു റിപ്പബ്ളിക്കൻ ആണോ?" ഓക്സിജൻ മാസ്ക്ക് തിരികെ വെച്ചുകൊണ്ടു ഡോക്ടർ പറഞ്ഞു, "പ്രസിഡണ്ടേ, ഇന്നു നമ്മൾ എല്ലാവരും റിപ്പബ്ളിക്കൻസ് ആണ്." ജീവൻ വക്കത്ത് എത്തി നില്ക്കുമ്പോൾ രാഷ്ട്രീയ വേർതിരിവിനു പ്രസക്തിയില്ല.

നാം ഈ വേദഭാഗത്തിലേക്കു കടക്കുന്നതിനു മുൻപു ആ അപ്പന്റെ അപേക്ഷയിലെ വേറൊരു പോയിന്റു കൂടെ നോക്കാം. അയാൾ യേശുവിന്റെ അടുക്കൽ വന്നപ്പോൾ, തന്റെ മകനെ വന്നു സൗഖ്യമാക്കുവാൻ "അവനോടു അപേക്ഷിക്കയായിരുന്നു." അവിടെ ഉപയോഗിച്ചിരിക്കുന്നത് ഗ്രീക്കിലെ അപൂർണ്ണക്രിയയാണ്, അതു തുടർപ്രവൃത്തിയെ സൂചിപ്പി ക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആളുകളുടെ മുൻപിൽ ആ രാജഭൃത്യൻ ഉയർന്ന വ്യക്തിയാണ്, യേശുവിനോടു വന്നു തന്റെ മകന്റെ ജീവൻ രക്ഷിക്കണമെന്നു യാചിച്ചുകൊണ്ടേയിരുന്നു! അവന്റെ അവസാന പ്രത്യാശ അതു മാത്രമായിരുന്നു, അതുകൊണ്ടു തന്റെ അഹങ്കാരമെല്ലാം മാറ്റിവെച്ചു, വിവാദപുരുഷനും, കാൽകാശിന്നു ഗതിയില്ലാത്തതുമായ റബ്ബിയോടു തന്റെ മകനെ രക്ഷിപ്പാൻ കേണപേക്ഷിച്ചു.

### കരുതലുള്ള രക്ഷകൻ (4:48-50)

ബാലന്റെ അപ്പന്റെ അപേക്ഷ കേട്ടപ്പോൾ, അടുത്തു നിന്ന ആളുകളെ അവൻ ഉടനെ ശാസിക്കുകയാണ് ചെയ്തത്. അവൻ പറഞ്ഞു, **"നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടുകൊണ്ടല്ലാതെ വിശ്വസിക്കയില്ല എന്നു പറഞ്ഞു"** (4:48). യേശുവിന്റെ ആകസ്മികമായ പ്രതികരണത്തിൽ, ഒരിക്കൽകൂടെ നാം ഞെട്ടിപ്പോകുന്നു. കർത്താവിൽനിന്നു നാം മൃദുത്വവും, ഉറപ്പും, പ്രത്യാശയും വരുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. പകരം, നാം കാണുന്നത്, ശകാരമാണ്. ഒരിക്കൽകൂടെ, പൊതുവിലുള്ള കുറഞ്ഞ വിശ്വാസത്തിൽ തൃപ്തരാകാതെ, ശരിയായ വിശ്വാസത്തിൽ മുമ്പോട്ടു പോകുവാനാണ് അവൻ പറഞ്ഞത്.[2]

മറ്റുള്ളവരെ സഹായിക്കുന്ന സന്ദർഭത്തിൽ നാം എന്തു ചെയ്യണമെന്നു യേശുവിന്റെ ശാസന നമ്മെ ചിന്തിപ്പിക്കുന്നു. നാം സത്യത്തെയാണോ അതോ സുഖസൗകര്യത്തെ മുറുകെ പിടിക്കുമോ? നാം ആളുകളുടെ വിശ്വാസമാണോ കരുതുന്നത് അതോ അവരുടെ വൈകാരിക അസൗകര്യം ദൂരീകരിക്കണമെന്നു വിചാരിക്കുമോ? ഹെൻറി നൗവെൻ എന്നയാളാൽ ഞാൻ പലപ്പോഴും മുന്നറിയിക്കപ്പെടുകയും ശാസിക്കപ്പെടുകയും ചെയ്തിട്ടുണ്ട്:

> പ്രാഥമികമായി വേദന നീക്കം ചെയ്യുന്ന ഒരു ഡോക്ടർ അല്ല ഒരു ശുശ്രൂഷകൻ... .
>
> തെറ്റായ കാരണം കോണ്ടു വരുവാനിടയുള്ള കഷ്ടത തടയുകയായിരിക്കാം ഒരുപക്ഷെ ഒരു ശുശ്രൂഷകന്റെ മുഖ്യ പ്രവൃത്തി. പലരും കഷ്ടപ്പെടുന്നത് അവരുടെ തെറ്റായ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ്. ആ തോന്നലിൽ ഭയമോ, ഏകാന്തതയോ, തെറ്റിദ്ധാരണയോ, സംശയമോ പാടില്ല. മുറിവുകൾ മനുഷ്യസാഹചര്യത്തിൽ അവിഭാജ്യമാണെന്നു മനസിലാക്കിയാൽ മാത്രമെ നമുക്കു അവയെ തരണം ചെയ്യുവാൻ സാധിക്കു. വളരെ കാര്യങ്ങൾ അഭിമുഖീകരിക്കുന്ന ഒന്നാണ് ശുശ്രൂഷ. അത് ഒരിക്കലും ആളുകളെ അമർത്യതയുടെ മായാവലയത്തിലേക്കും പൂർണ്ണതയിലേക്കും കൊണ്ടു പോകുന്നില്ല. ആളുകൾ തകർന്നവരും, മർത്യരുമാണെന്നാണ് അതു ഓർപ്പിക്കുന്നത്, എന്നാൽ ഈ അവസ്ഥ തിരിച്ചറിഞ്ഞുകൊണ്ടു, വിമോചനം ആരംഭിക്കുന്നു.[3]

വേദനിക്കുന്ന അപ്പനെയും, മരിച്ചുകൊണ്ടിരിക്കുന്ന മകനെയും കുറിച്ചു യേശുവിനു വിചാരമുണ്ടായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, എന്നാൽ അവരുടെ ദൈവത്തോടുള്ള ബന്ധത്തെക്കുറിച്ചു അവനു കൂടുതൽ വിചാരമുണ്ടായിരുന്നു. കുട്ടി സുഖപ്പെടണമെന്നും, അപ്പന്റെ ഹൃദയം തകർന്നു പോകരുതെന്നും യേശു ആഗ്രഹിച്ചിരുന്നു, എന്നാൽ നഷ്ടപ്പെട്ട ആളുകൾ രക്ഷിക്കപ്പെടണമെന്നു അവൻ അധികം ആഗ്രഹിച്ചു. ആ രാജഭൃത്യന്റെ അന്നത്തെ ഏറ്റവും വലിയ ആവശ്യം യേശു കണ്ടതു, മരണത്തിൽ നിന്നുള്ള മോചനം ആയിരുന്നില്ല; അതു ദൈവം ആയിരുന്നു! മകൻ മരിക്കുവാനിടയാകുന്നത്, ആ മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യത്തിലേക്കു കണ്ണു തുറക്കുമെന്നും യേശു കണ്ടു.

നാം സംഭവത്തിലേക്കു കടക്കുന്നതിനു മുൻപു, ഇപ്പോൾ നമ്മുടെ ഏറ്റവും വലിയ പ്രാധാന്യം എന്തെന്നു ചിന്തിക്കുക. എന്തു പ്രശ്നമാണ് ഇപ്പോൾ നമ്മുടെ മനസിനെ അലട്ടിക്കൊണ്ടിരിക്കുന്നത്? അതു നിങ്ങൾക്കു പ്രാധാന്യമുള്ളതാണെങ്കിലും നിങ്ങളുടെ ഏറ്റവും വലിയ ആവശ്യം അതല്ല. എങ്ങനെയായാലും, നിങ്ങളുടെ ഏറ്റവും വലിയ ആവശ്യമാണ് ഒരുപക്ഷെ നിങ്ങൾ തിരിച്ചറിയേണ്ടത് - അതു നിങ്ങളുടെ ഹൃദയം ദൈവത്തിലേക്കു തുറക്കുവാൻ സഹായകരമാകും!

യേശു സദസ്യരെ ശാസിച്ചതു ഈ സംഭവത്തിലെ അപ്പന്റെ നിര

ന്തരമായ അപേക്ഷക്കു വിഘ്നം വരുത്തി, “കർത്താവേ, പൈതൽ മരിക്കുംമുമ്പേ വരേണമേ” (4:49). ഒരുപക്ഷെ ഈ സമയത്ത് ആ മനുഷ്യൻ തന്റെ മകനെക്കുറിച്ചു പറഞ്ഞ രീതിയിൽ ചില പ്രാധാന്യം ഉണ്ടായിരുന്നേക്കാം. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് *പയിഡിയോൻ* എന്നതിന്റെ, അർത്ഥം “എന്റെ ചെറിയ ബാലൻ” എന്നാണ്, മറിച്ച് വാക്യങ്ങൾ 46 ലും 47 ലും ഉപയോഗിച്ചിരിക്കുന്നത്, *ഹൂയിയോസ്* എന്നതിന്റ അർത്ഥം, “എന്റെ മകൻ” എന്നാണ്. ഇവിടെ നിലവാരം ഒന്നും പറഞ്ഞിട്ടില്ല - പദവികളും ഇല്ല. തന്റെ “ചെറിയ ബാലന്റെ” ജീവൻ രക്ഷിക്കുവാനുള്ള ഒരപ്പന്റെ ഹൃദയം നുറുങ്ങിയ യാചനയായിരുന്നു അത്.

അവസാനം സൗഖ്യമാക്കുന്ന വാക്കുകൾ വന്നപ്പോൾ, അവ നേരിട്ടുള്ളതും നിസ്സാരവുമായിരുന്നു. യേശു, പറഞ്ഞു, “പൊയ്ക്കൊൾക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു” (4:50). തന്റെ ദൗത്യനിർവ്വഹണത്തിനു അവനു ഇരുപതു - മൈൽ നടന്നു കഫർന്നഹൂമിൽ പോകേണ്ടതില്ലായിരുന്നു. അവൻ വെറുതെ പറഞ്ഞു, കുട്ടിക്കു സൗഖ്യമായി.

### വിശ്വസിച്ച രാത്രി (4:50-54)

യേശുവിൽനിന്നുള്ള ഒരുവാക്കോടുകൂടി, ആ അപ്പന്റെ ജോലി മതിയാക്കി - അല്ലെങ്കിൽ അങ്ങനെയായിരുന്നോ? ഇരുപതു മൈൽ ദൂരെയായിരുന്ന തന്റെ മകൻ സൗഖ്യമാകുന്നതു അവന്റെ സ്വന്ത കണ്ണു കൊണ്ടു കണ്ടില്ല. ചില കാരണങ്ങൾകൊണ്ട്, (അപ്പോൾ താമസിച്ചു പോയിരുന്നു[4] അല്ലെങ്കിൽ ആ മനുഷ്യൻ ക്ഷീണിച്ചു പോയിരിക്കാം) അതുകൊണ്ടു ആ രാത്രിയിൽ തന്നെ തിരിച്ചു വീട്ടിലെത്താൻ കഴിഞ്ഞില്ല. തന്റെ മകൻ, സുഖം പ്രാപിച്ചു, ജീവനോടെയിരിക്കുന്നു എന്നു അയാൾ അറിഞ്ഞത് അടുത്ത ദിവസം, തന്റെ ദാസന്മാർ വന്നു പറയുമ്പോഴാണ്. അവനു സൗഖ്യമായ സമയം അവൻ അവരോടു ചോദിച്ചപ്പോൾ, അവർ പറഞ്ഞു, “ഇന്നലെ ഏഴുമണിക്കു പനി വിട്ടുമാറി എന്നു പറഞ്ഞു” (4:52). “നിന്റെ മകൻ ജീവിച്ചിരിക്കുന്നു,” എന്നു പറഞ്ഞ നാഴികയിൽ തന്നെ ബാലന്നു സൗഖ്യമായി എന്നവൻ തിരിച്ചറിഞ്ഞു.

ഈ സംഭവത്തിൽ എന്നെ ആകർഷിച്ചതും, 1977 ലെ ഗെയിറ്റ് വുഡിന്റെ ശക്തമായ പ്രസംഗത്തിലെ സന്ദേശവും, ആ കുട്ടിയുടെ അപ്പൻ, തന്റെ മകനു സൗഖ്യം വരും എന്ന വാഗ്ദാനത്തിനും അത്ഭുതം ഉറപ്പിക്കലിനും ഇടയിൽ ഒരു രാത്രി ചെലവിട്ടു എന്നതാണ്. “യേശു പറഞ്ഞ വാക്കു വിശ്വസിച്ചു അവൻ പോയി” (4:50). എൻഐവി പറയുന്നത്, “ആ മനുഷ്യൻ, യേശുവിനെയും അവൻ പറഞ്ഞ വാക്കിനെയും വിശ്വസിച്ചു പോയി” എന്നാണ്. നമ്മിൽ എല്ലാവരിലും ജീവൻ എവിടെ കിടക്കുന്നു എന്നു ആ രാത്രിയിൽ ആ അപ്പന്റെ മനസിൽ തെളിഞ്ഞു കാണും; വാഗ്ദാനത്തിനും നിറവേറ്റലിനും ഇടക്കുള്ള രാത്രിയിൽ നാം സഹിക്കുന്നു.

രാത്രിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ പ്രശ്നങ്ങളും കുഴപ്പങ്ങളും പകൽ സമയത്തേക്കാൾ ഭയാനകമായി തോന്നുന്നതു രാത്രിയിലാണ്. ഭയാനകമായ സിനിമകൾ പ്രദർശിപ്പിക്കുന്നതു അധികവും

രാത്രിയിലാണ്. അധികം ഭാരമുള്ള പ്രശ്നങ്ങളെ ഇരുട്ടിൽ ആക്കുവാൻ ഞാൻ തയ്യാറല്ല. എനിക്കു ഉറക്കം വന്നില്ലെങ്കിൽ, എഴുന്നേറ്റു അടുക്കളയിൽ പോയി, ലൈറ്റ് ഇട്ടുകണ്ണു തുറന്നിരുന്നു ചിന്തിക്കും!

ആ മനുഷ്യൻ വീട്ടിൽനിന്നു ഇരുപതു മൈൽ അകലെ ആയിരുന്നതുകൊണ്ടു രാജഭൃത്യൻ ആ രാത്രിയിൽ തന്റെ ഭയത്തോടു മൽസരിച്ചു പ്രത്യാശക്കു എതിരായി പ്രത്യാശിച്ചുകൊണ്ടിരുന്നേക്കാം. അയാളിൽ ഒരു നിമിഷം ശുഭാപ്തിവിശ്വാസവും അടുത്ത നിമിഷം സംശയ നിഴലും വന്നിരിക്കാമെന്നു ഞാൻ കരുതുന്നു. നമുക്കു അയാളുടെ പേരറിയില്ലെങ്കിലും, എല്ലാവർക്കും അയാളെ തിരിച്ചറിയാൻ കഴിയും; വാഗ്ദാനത്തിനും നിറവേറലിനും ഇടക്കുള്ള രാത്രി സമയത്തെ വിഷമം നമുക്കെല്ലാവർക്കും അറിയാം.

നീണ്ട കാൻസർ രോഗത്തെ തുടർന്നു, 1994 നവംബർ 10 നു നല്ല ഒരു ക്രിസ്തീയ സഹോദരിയായിരുന്ന ക്ലൗഡെറ്റെ ജോൺസ് അന്തരിച്ചു. ദൈവകൃപയോടും അത്ഭുതകരമായ ധൈര്യത്തോടെയുമാണ് നേരിട്ടത്. അവരുടെ ഭർത്താവു, ജെറിയും, അവരുടെ മക്കളും – അവരുടെ സ്നേഹിതമാരും അവരെ നേരിൽ കണ്ടിട്ടില്ലാത്ത ആയിരക്കണക്കിനു ആളുകളും – അവർ രോഗത്തെയും മരണത്തെയും നേരിട്ടതിൽ അനുഗ്രഹീതരായിത്തീർന്നു. അവർ മരിക്കുന്നതിനു ഒരാഴ്ച്ച മുമ്പു, തന്റെ അമ്മയായ ജോർജിയ, ഡബോയിസിനെ ടെലഫോണിൽ വിളിച്ചു പറഞ്ഞു, “ഞാനും ഡാഡിയും അമ്മയെ കാത്തിരിക്കുകയാണ്.” അത്തരം വാഗ്ദാനമാണ് ദൈവം തന്റെ മക്കൾക്കു നല്കിയിരിക്കുന്നത്. ക്ലൗഡെറ്റക്കു വിശ്വാസം ഇപ്പോൾ കാഴ്ച്ചയായി, എന്നാൽ സ്വർഗീയ വാഗ്ദാനത്തിന്റെ നിറവേറലിനായി നാം ഓരോരുത്തരും രാത്രി സഹനശക്തിയോടെ കാത്തിരിക്കുകയാണ്.

ആ വിചാരപ്പെട്ട അപ്പൻ, യേശുവിലുള്ള നമ്മുടെ വിശ്വാസ വളർച്ചക്കു ഒരു മാതൃകയായി നില്ക്കുന്നു. ആരംഭത്തിൽ ആ പിതാവിനു യേശുവിന്റെ അടുക്കൽ വന്നു തന്റെ മകന്റെ ജീവനുവേണ്ടി അപേക്ഷിപ്പാനുള്ള വിശ്വാസം ഉണ്ടായിരുന്നു. “എനിക്കു – ഒന്നും – നഷ്ട – പ്പെടുവാൻ – ഇല്ലല്ലൊ” എന്നായിരിക്കാം അവൻ വിചാരിച്ചത്. പിന്നെ യേശുവുമായി സംസാരിച്ചശേഷം, “യേശു അവനോടു പറഞ്ഞ വാക്ക് അവൻ വിശ്വസിച്ചു” (4:50). അവസാനം, തന്റെ മകൻ ജീവിച്ചിരിക്കുന്നു എന്ന ദൃക്സാക്ഷികളുടെ വാക്കു കേട്ടപ്പോൾ, “താനും കുടുംബവും ഒക്കെയും വിശ്വസിച്ചു” (4:53). നിരാശയുള്ള പ്രത്യാശയിൽനിന്നു ഉറപ്പുള്ള ആശ്രയത്തിലേക്കു അവന്റെ വിശ്വാസം വളരുന്നതു നോക്കുക. ആശ്രയത്തിന്മേൽ ആശ്രയം വർദ്ധിപ്പിക്കുവാൻ, ആ പിതാവിനു കാണിക്കുവാൻ പ്രയാസമായിരിക്കാം.

## ഉപസംഹാരം

രാജഭൃത്യന്റേയും യേശുവിന്റേയും സംഭവം അവസാനിപ്പിക്കുന്നതിനു മുൻപു അവസാനമായി മറ്റൊരു സത്യം കൂടെ നോക്കേ ണ്ടതുണ്ട്. നിങ്ങൾ യേശുവിന്റെ മുഖത്ത് കാര്യമായി നോക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അവിടെ നിങ്ങളുടെ പ്രത്യാശ വളർന്നു ആശ്രയം എന്ന

ദിശയിലേക്കു നീങ്ങും.

ആദ്യം, സത്യത്തിന്റെ മുഖത്തു നോക്കുക. ആ സംഭാഷണത്തിൽ വ്യാജത്തിലധിഷ്ഠിതമായ വിശ്വാസം ദൈവം സ്വീകരിക്കയില്ല എന്നു യേശു വെളിപ്പെടുത്തി. വേദനയിൽനിന്നുള്ള മോചനത്തേക്കാൾ കൂടുതൽ അവൻ ആവശ്യപ്പെടുന്നു: നമ്മുടെ ദൈവത്തോടുള്ള ബന്ധമാണ്. നമ്മുടെ സമൂഹത്തിലെ ഒഴിയാബാധ നീക്കി വേദനാ - രഹിത ജീവിതം നല്കി സത്യത്തിലേക്കു നയിക്കുവാൻ ഒരു സഭക്കോ, ഒരു ഉപദേഷ്ടാവിനോ, ഏതെങ്കിലും ഒരു ക്രിസ്ത്യാനിക്കോ കഴിയുകയില്ല. എല്ലാ ആളുകളുടെയും ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം അവരുടെ ആത്മാക്കളുടെ രക്ഷയാണ്. യേശു ഈ ഒരു കാഴ്ച്ചപ്പാടാണ് എല്ലായ്പ്പോഴും സൂക്ഷിച്ചിട്ടുള്ളത്; അതിൽ കുറക്കാൻ എനിക്കും സാധ്യമല്ല.

രണ്ടാമതു, മനസ്സലിവിന്റെ മുഖം കാണുക. യേശു സ്ഥിരമായി അതു പ്രദർശിപ്പിച്ചു കാരണം അവൻ "വചനം ജഡമായി തീർന്നവനാണ്," മനുഷ്യാവസ്ഥ തിരിച്ചറിയുവാൻ അവനു കഴിഞ്ഞിരുന്നു. നിത്യതയുടെ സന്ദർഭത്തിൽ, ആ കുട്ടിയുടെ സൗഖ്യമാക്കൽ താമസിക്കുന്നത് അനിവാര്യമായിരുന്നു എന്നു യേശുവിനു അറിയാമായിരുന്നു. കുറെ നാൾ കഴിഞ്ഞു, കുട്ടി മരിക്കും. നിത്യതയുമായുള്ള ബന്ധത്തിൽ അതിനു വലിയ വ്യത്യാസം ഉണ്ടെന്നു തോന്നുന്നില്ല; എന്നാൽ വേണ്ടപ്പെട്ടവർ മരിക്കുമ്പോൾ മനുഷ്യർ ദുഖിക്കും. ആ കുട്ടിയുടെ അപ്പന്റെ തീവ്രമായ ദുഖത്തെ യേശു മനസ്സിലാക്കിയതുകൊണ്ടു മനസ്സലിവോടെ, കുട്ടിയെ സൗഖ്യമാക്കി.

അവസാനം, പ്രത്യാശയുടെ മുഖം കാണുക. യേശു നമ്മുടെ എല്ലാ രോഗവും മാറ്റാമെന്നു വാഗ്ദാനം ചെയ്തിട്ടില്ല, എന്നാൽ അവൻ നമുക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (യോഹന്നാൻ 14:2). അവൻ എല്ലാം എളുപ്പമാക്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ല; എന്നാൽ നമ്മോടൊപ്പം എല്ലാ നാളും ഉണ്ടാകും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 28:20). ജീവിതത്തിലെ ഭയാനകരാത്രയിൽ അവനിൽ ആശ്രയിച്ചു അവനെ പിൻപറ്റുവാനാണ് അവൻ വിളിച്ചിരിക്കുന്നത്, നമ്മുടെ ആശ്രയത്തിനു, യേശു യോഗ്യനാണെന്നും നാം വിശ്വസിക്കുന്നു!

---

കുറിപ്പുകൾ

[1]യേശുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീന്റെ പടം നോക്കുക. [2]നോക്കുക 2:23, 24; 6:26. [3]ഹെന്റി ജെ. എം. നൗവെൻ, *ദ വൂൺഡഡ് ഹീലർ* (ഗാർഡൻ സിറ്റി, ന്യൂയോർക്ക്: ഇമേജ് ബുക്ക്സ്, 1972), 92–93. [4]"ദ സെവെന്ത് അവർ" എന്നതു യെഹൂദസമയം 1.00 പി. എം. റോമാസമയമാണെങ്കിൽ 7.00 പി. എം.

© 2009 Truth for Today